**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1279

03.12.2018-ൽ മറുപടിക്ക്

**<u>വർക്കല സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ജോയി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായി-ട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) പഴയ കെട്ടിടം പൊളിക്കുന്നതിലേക്കായി ഓഫീസ് വാടക കെട്ടിടത്തിലേക്ക് മാറ്റുകയും, നിർദ്ദിഷ്ട സൈറ്റിലെ മരങ്ങൾ മുറിച്ചുമാറ്റി സൈറ്റ് ക്ലിയർചെയ്ത് നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിട്ടുള്ളതുമാണ്. നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടില്ല. |
| ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ? | ബി) നിർമ്മാണ സ്ഥലത്തെ റോഡ് വൈഡനിംഗ് നിർദേശവും സോണിംഗ് റെഗുലേഷനും നിർമ്മാണത്തിന് വിഘാതം നിൽക്കുന്നതിനാൽ ഡി.റ്റി.പി. സ്കീം പ്രകാരം കെട്ടിട നിർമ്മാണത്തിന് മുനിസിപ്പാലിറ്റിയുടെ അനുവാദം ലഭിച്ചിട്ടില്ല. റോഡ് വൈഡനിംഗിന് ആവശ്യമായ സ്ഥലം വിട്ടിട്ടുള്ള പരിഷ്കരിച്ച സൈറ്റ് പ്ലാൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**